കാർത്തികപ്പള്ളി	–	14
മാവേലിക്കര	–	08
ചെങ്ങന്നൂർ	–	08
ആകെ		85

(സി) ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലാർക്കുമാരുടെ 44 ഒഴിവുകൾ രജിസ്ട്രേഷൻ വകുപ്പിൽ അധികമെന്ന് കണ്ടെത്തിയിട്ടുള്ള ക്ലാർക്കുമാരുടെ പുനർ വിന്യാസത്തിലൂടെ നികത്തുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എസ്.എം.സി.) വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കി ഒഴിവുകളുടെ കാര്യത്തിൽ ജില്ലാ കളക്ടറിൽ നിന്ന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ചു തീരുമാനം കൈക്കൊള്ളുന്നതാണ്.

എച്ച്. സി. /വി.ഒ. വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകൾ

33 (2791) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ എച്ച്.സി./വി.ഒ. വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) യു.ഡി.സി./എസ്.വി.ഒ. മാരുടെ ലിസ്റ്റിൽ നിന്നും ഏതുവരെയുള്ള വരെ എച്ച്.സി/ വി.ഒ. മാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട് ;

(സി) പ്രൊമോഷൻ നൽകിയവരുടെ യു.ഡി.സി./എസ്.വി.ഒ. തീയതിയും എന്നുവരെ ടെസ്റ്റ് യോഗ്യത നേടിയവരെയുമാണ് പ്രമോഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും വെളിപ്പെടുത്തുമോ ;

(ഡി) എച്ച്.സി./വി.ഒ.മാരായി ഏറ്റവും ഒടുവിൽ പ്രൊമോഷൻ നൽകിയ ഉത്തരവായ ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) എച്ച്.സി./വി.ഒ. മാരുടെ ഒഴിവുകൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല.

(ബി) 1-6-1996 മുതൽ 31-5-1998 വരെയുള്ള യു.ഡി.സി./എസ്.വി.ഒ.-മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 237 റാങ്ക് വരെയുള്ളവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) ഏറ്റവും ഒടുവിൽ (7-7-2003-ൽ) പ്രൊമോഷൻ നൽകിയവരുടെ യു. ഡി. സി./എസ്. വി. ഒ. തീയതി 18-2-1997 ആണ്. 7-9-1991 വരെ ടെസ്റ്റ് യോഗ്യത നേടിയവരെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എച്ച്.സി./വി.ഒ.മാരായി ഏറ്റവും ഒടുവിൽ 7-7-2003-ൽ പ്രൊമോഷൻ നൽകിയ നടപടി ക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റിയുടെ 'പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തിക

34 (2792) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റിയുടെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി തസ്തികയിൽ ഇപ്പോൾ ജോലി നോക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെ എന്ന് മുതൽ നിയമിച്ചു എന്നും എന്നാണ് നിയമന ഉത്തരവ് നൽകിയതെന്നും വ്യക്തമാക്കാമോ ;

(സി) അദ്ദേഹം പ്രസ്തുത പോസ്റ്റിൽ ജോയിൻ ചെയ്തത് എന്നാണ് ;

(ഡി) ജോയിൻ ചെയ്യുന്നതിന് തീയതി ദീർഘിപ്പിച്ചുകൊടുക്കണമെന്ന് അദ്ദേഹം അപേക്ഷിച്ചിരുന്നുവോ ;

(ഇ) ഇല്ലെങ്കിൽ നിശ്ചിത തീയതിക്കകം ജോയിൻ ചെയ്യാതെ താമസിച്ചു ജോയിൻ ചെയ്യാൻ അനുവദിച്ചത് എന്ത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ;

(എഫ്) പ്രസ്തുത പോസ്റ്റിൽ നിയമിക്കപ്പെടാതെ സർവ്വീസിലുള്ള ആളാണെങ്കിൽ അതിൽ ജോയിൻ ചെയ്യുന്നതിന് ആ സർവ്വീസിൽ നിന്ന് വിടുതൽ വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചിരുന്നുവോ ;

(ജി) പ്രസ്തുത ഉദ്യോഗസ്ഥൻ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്ന് ശൂന്യവേതന അവധിയെടുത്താണ് ഈ ഫാക്കൽറ്റിയിൽ ജോയിൻ ചെയ്തതെങ്കിൽ നിയമാനുസൃതമാണോ ; അനുവദനീയമാണോ ;

(എച്ച്) കെ.എസ്.ആർ.-ലെ വ്യവസ്ഥ പ്രകാരം സർക്കാർ ധനസഹായം നൽകുന്ന എയ്ഡഡ് കോളേജിൽ നിന്നും ഗവൺമെന്റ് പൂർണ്ണമായും സഹായധനം നൽകുന്ന പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ശൂന്യവേതന അവധിയെടുത്ത് ജോലിക്ക് വരുന്നുത് ക്രമാനുസൃതമാണോ ;

(ഐ) ക്രമാനുസൃതമല്ലാത്ത പക്ഷം ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly